## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5331 | 01.07.2019 - ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## ജി.എസ്.ടി. ഇനത്തിൽ ഹോട്ടലുകളിൽ നിന്നും പിരിഞ്ഞുകിട്ടിയ തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ. മാക്സി : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷനിൽ പിന്നോക്കം നിൽക്കുന്നത് ഹോട്ടൽ ആന്റ് റെസ്റ്ററന്റ് മേഖലയാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | 20 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകൾക്കാണ് ജി.എസ്.ടി. രജിസ്ട്രേഷൻ ബാധകമാകുന്നത്. 20 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവ് സംശയിക്കുന്ന രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ഹോട്ടൽ ആന്റ് റസ്റ്റോറന്റുകൾക്ക് രജിസ്ട്രേഷൻ എടുക്കുന്ന തിന് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വാർഷിക വിറ്റുവരവ് 20 ലക്ഷത്തിന് മുകളിലുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി ഇൻവെസ്റ്റിഗേഷൻ വിഭാഗം സ്ട്രീറ്റ് സർവ്വെ നടത്തിവരുന്നു. സ്വമേധയാ രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികൾക്കെതിരെ നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുന്നു. |
| (ബി) | പ്രതിവർഷം എത്ര ലക്ഷത്തിൽ വിറ്റുവരവുള്ള ഹോട്ടലുകളെയാണ് ജി.എസ്.ടി. രജിസ്ട്രേഷനെടുക്കണ മെന്ന നിബന്ധനയിൽ ഉൾപ്പെടുത്തി യിട്ടുള്ളത്; | (ബി) | പ്രതിവർഷം 20 ലക്ഷത്തിൽ വിറ്റുവരവുള്ള ഹോട്ടലുകളെയാണ് ജി.എസ്.ടി. രജിസ്ട്രേഷനെടുക്കണമെന്ന നിബന്ധന യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷൻ ബാധകമായ എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെ ന്നാണ് ധനവകുപ്പ് കണക്കാക്കുന്നത്; | (സി) | വിറ്റുവരവ് 20 ലക്ഷം രൂപയിൽ കൂടുതലുള്ള ഹോട്ടലുകൾ രജിസ്ട്രേഷൻ പരിധിയിൽ ഉൾപ്പെടുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിൽ ജി.എസ്.ടി. രജിസ്ട്രേഷനുള്ളവ എത്ര; രജിസ്ട്രേഷൻ എടുത്തതിൽ എത്രയെണ്ണം ആയത് റദ്ദാക്കി; റദ്ദാക്കാനുള്ള കാരണം എന്നിവ വ്യക്തമാക്കുമോ; | (ഡി) | നാളിതുവരെ 4783 ഹോട്ടലുകൾക്ക് ജി.എസ്.ടി. രജിസ്ട്രേഷനുണ്ട്. 797 എണ്ണം ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദാക്കി. വാറ്റ് നിയമ പ്രകാരം രജിസ്ട്രേഷൻ പരിധി 10 ലക്ഷം ആയിരുന്നു. പ്രസ്തുത വ്യാപാരികൾ ജി.എസ്.ടി. സംവിധാനത്തിലേക്ക് മൈഗ്രേറ്റ് ചെയ്യുകയും തുടർന്ന് വിറ്റുവരവ് പരിധി 20 ലക്ഷത്തിന് താഴെയാക്കിയതും രജിസ്ട്രേഷൻ റദ്ദാക്കാൻ കാരണമായി. കൂടാതെ വ്യാപാരം നിർത്തിയവരും രജിസ്ട്രേഷൻ റദ്ദാക്കിയവരിൽ ഉൾപ്പെടുന്നു. |
| (ഇ) | 2018-19 സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ സർക്കാരിന് പിരിഞ്ഞു കിട്ടിയ തുക എത്ര; വ്യക്തമാക്കുമോ? | (ഇ) | 2018-19 സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും 159.96 കോടി രൂപ ജി.എസ്.ടി. ഇനത്തിൽ സർക്കാരിന് പിരിഞ്ഞു കിട്ടി. |

**സെക്ഷൻ ഓഫീസർ**